**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3952** **15-07-2022 - ൽ മറുപടിയ്ക്ക്**

**വായ്പകൾക്ക് കോവിഡ് മഹാമാരികാലത്ത് മൊറോട്ടോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വനിതാ വികസന കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കോവിഡ് മഹാമാരികാലത്ത് മൊറോട്ടോറിയം അനുവദിച്ചിരുന്നോ; | (എ) | (എ) വനിതാ വികസന കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കോവിഡ് മഹാമാരികാലത്ത് ആർ.ബി.ഐ മാർഗ്ഗരേഖ അനുസരിച്ചുള്ള മൊറോട്ടോറിയം ആറ് മാസ കാലയളവിലേക്ക് (മാർച്ച് 2020-ആഗസ്റ്റ് 2020) അനുവദിച്ചിരുന്നു. മൊറോട്ടോറിയം നിബന്ധന അനുസരിച്ച് ഇക്കാലയളവിൽ വായ്പകൾക്ക് പിഴപ്പലിശ ഈടാക്കുന്നില്ല. കൂടാതെ ആവശ്യമുള്ള വായ്പക്കാർക്ക് ആറ് മാസം തിരിച്ചടവ് കാലയളവ് ദീർഘിപ്പിച്ചു നൽകി. |
| (ബി) | എങ്കിൽ എത്ര കാലത്തേക്കായിരുന്നു മൊറോട്ടോറിയം അനുവദിച്ചത്; | (ബി) | (ബി) മാർച്ച് 2020 മുതൽ ആഗസ്റ്റ് 2020 വരെ ആറ് മാസത്തേക്കാണ് മൊറോട്ടോറിയം അനുവദിച്ചിരുന്നത്. |
| (സി) | വായ്പ എടുത്തിട്ടുള്ളവർക്ക് നേരത്തെ അനുവദിച്ച മൊറോട്ടോറിയം പിൻവലിച്ചതായും കുടിശ്ശിക എത്രയും വേഗം അടച്ചുതീർക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അറിയിപ്പ് നൽകിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ? | (സി) | (സി) അനുവദിച്ച മൊറോട്ടോറിയം പിൻവലിച്ചിട്ടില്ല. അത്തരത്തിൽ ആർക്കും അറിയിപ്പ് നൽകിയിട്ടുമില്ല. ഓരോ വായ്പയിലെയും, മൊറട്ടോറിയത്തിന് മുമ്പും ശേഷവുമുള്ള കുടിശ്ശിക സമയബന്ധിതമായി തീർക്കുന്നതിനാണ് അറിയിപ്പ് നൽകിയിരിക്കുന്നത്. നിയമോപദേശം കിട്ടിയതനുസരിച്ച്, കാലയളവ് ദീർഘിപ്പിച്ച് വായ്പാ റീഷെഡ്യൂൾ ചെയ്തു നൽകുന്നതിന് പ്രത്യേക സമ്മതപത്രം നൽകുന്നതിനും അറിയിപ്പ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ